# ECHO OF HIS CALL

## യേശുക്രിസ്തുവിന്റെ വിളിയുടെ പ്രതിധ്വനി MALAYALAM

India’s National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAANS

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVI | YEAR OF OUR LORDJESUS CHRIST, 2020 JULY | No. 10

### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**കർത്താവിനു സ്തോത്രം**

**സങ്കീർത്തനങ്ങൾ 64:1–10**

01. ദൈവമേ, എന്റെ സങ്കടത്തിൽ ഞാൻ കഴിക്കുന്ന അപേക്ഷ കേൾക്കണമേ; ശത്രുഭയത്തിൽ നിന്ന് എന്റെ ജീവനെ പാലിക്കണമേ.
02. ദുഷ്കർമ്മികളുടെ ഗൂഢാലോചനയിലും നീതികേടു പ്രവർത്തിക്കുന്നവരുടെ കലഹത്തിലും ഞാൻ അകപ്പെടാത്തവണ്ണം എന്നെ മറച്ചു കൊള്ളണമേ.
03. അവർ തങ്ങളുടെ നാവിനെ വാൾപോലെ മൂർച്ചയാക്കുന്നു; നിഷ്കളങ്കനെ ഒളിച്ചിരുന്ന് എയ്യേണ്ടതിന്
04. അവർ കയ്പുള്ള വാക്കായ അസ്ത്രം തൊടുക്കുകയും ശങ്കിക്കാതെ പെട്ടെന്ന് അവനെ എയ്തുകളയുകയും ചെയ്യുന്നു.
05. ദുഷ്കാര്യത്തിൽ അവർ തങ്ങളെ തന്നേ ഉറപ്പിക്കുന്നു; ഒളിച്ചു കെണിവയ്ക്കുവാൻ തമ്മിൽ പറഞ്ഞൊക്കുന്നു; നമ്മെ ആര് കാണും എന്ന് അവർ പറയുന്നു.
06. അവർ ദ്രോഹസൂത്രങ്ങളെ കണ്ടുപിടിക്കുന്നു; നമുക്ക് ഒരു സൂക്ഷ്മസൂത്രം സാധിച്ചുപോയി എന്നു പറയുന്നു; ഓരോരുത്തന്റെ അന്തരംഗവും ഹൃദയവും അഗാധം തന്നേ.
07. എന്നാൽ ദൈവം അവരെ എയ്യും; അമ്പുകൊണ്ട് അവർ പെട്ടെന്നു മുറിവേല്ക്കും.
08. അങ്ങനെ സ്വന്തനാവ് അവർക്കു വിരോധമായിരിക്കുകയാൽ അവർ ഇടറിവീഴുവാൻ ഇടയാകും; അവരെ കാണുന്നവരൊക്കെയും തല കുലുക്കുന്നു.
09. അങ്ങനെ സകല മനുഷ്യരോടും ഭയപ്പെട്ടു ദൈവത്തിന്റെ പ്രവൃത്തിയെ പ്രസ്താവിക്കും; അവന്റെ പ്രവൃത്തിയെ അവർ ചിന്തിക്കും;
10. നീതിമാൻ യഹോവയിൽ ആനന്ദിച്ച് അവനെ ശരണമാക്കും; ഹൃദയപരമാർത്ഥികൾ എല്ലാവരും പുകഴും.

## ദേശമേ, ഭയപ്പെടേണ്ടാ, ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക; യഹോവ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു (യോവേൽ 2:21)

**“Fear not, O land, be glad and rejoice; For the Lord has done marvellous things" (Joel 2:21)**

**പാസ്റ്റർ എസ്. സാം സെൽവരാജ്**

ഇന്നുവരെ ദർശിച്ചിട്ടില്ലാത്ത വളരെ പ്രയാസമേറിയ ഘട്ടത്തിലൂടെ ലോകം കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. ക്ഷാമം, സാംക്രമിക രോഗങ്ങൾ, യുദ്ധം, വെള്ളപ്പൊക്കം, ഭൂകമ്പങ്ങൾ, അഗ്നിപർവ്വതത്തിന്റെ ഭീഷണി തുടങ്ങിയവയെല്ലാം മുൻപ് ഉണ്ടായിട്ടുണ്ട്. പക്ഷെ ഇപ്പോൾ ലോകം മുഴുവൻ ബാധിച്ചിരിക്കുന്ന കൊറോണ (കോവിഡ്19) എന്ന മാരകമായ വൈറസിന്റെ പ്രവർത്തനം മുഖാന്തരം ലോകത്തെ അക്ഷരാർത്ഥത്തിൽ നിലംപരിശാക്കിയിരിക്കുകയാണ്. ലോകം മുഴുവനുമുള്ള മിക്ക രാജ്യങ്ങളും അവശ്യ സർവ്വീസുകളും സേവനങ്ങളും ഒഴികെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുകയാണ്. വ്യവസായങ്ങൾ അടച്ചിട്ടിരിക്കുന്നു, വിമാന സർവ്വീസ്, ട്രെയിനുകൾ, ബസ്സുകൾ, കൃഷി എന്നിവ നിറുത്തിയിരിക്കുന്നു, ട്രക്കുകളും റോഡിൽ നിന്നും പിൻവാങ്ങിയിരിക്കുന്നു. എന്തുകൊണ്ട്? എല്ലാറ്റിനുമുപരി പള്ളികൾ പോലും അടച്ചിട്ടിരിക്കുന്നു. സംഘം ചേരുന്നതും നിറുത്തലാക്കിയിരിക്കുന്നു. ജീവിതത്തിൽ ഇതുപോലുള്ള സാഹചര്യം നാം കണ്ടിട്ടില്ല. ജനങ്ങൾ വീട്ടിനകത്തിരിക്കുവാനും, സാമൂഹ്യ അകലം പാലിക്കുവാനും, മാസ്ക്കുകൾ ധരിക്കുവാനും, എപ്പോഴും കൈകൾ കഴുകി അണുവിമുക്തമാക്കാനും മാത്രമേ ഇപ്പോൾ സാധിക്കുന്നുള്ളൂ.

### വൈറസ്

സ്പാനിഷ് ഫ്ളൂ, മാർബർഗ്, സ്മാൾ പോക്സ്, ഹാന്റ, ഡങ്കി, എച്ച്.ഐ.വി., സാർസ്, സിക്ക, നിപ്പ, ഇബോള തുടങ്ങിയ വൈറസുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. ഇവയിൽ ചിലത് മാരകങ്ങളാണ്, അനേകരുടെ ജീവനും അപഹരിച്ചിട്ടുണ്ട്. പക്ഷെ കോവിഡ് 19 എന്നത് ഇതിനെക്കാളെല്ലാം മാരകമാണ്. കാരണം ഇത് വളരെ വേഗം പടരുന്നതാണ്. ഇത് മാരകമായ മഹാമാരിയാണ്. ആയിരക്കണക്കിന് ആളുകൾ ഈ രോഗത്താൽ മരണപ്പെട്ടു. കൂടാതെ അനേകം ലക്ഷങ്ങളിൽ ഇത് പടർന്നിട്ടുമുണ്ട്. രാഷ്ട്രങ്ങൾ വളരെ കരുതലോടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിനാൽ ഒരു പരിധിവരെ ഈ വൈറസിന്റെ പ്രവർത്തനങ്ങളെ പിടിച്ചു നിറുത്താൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഈ വൈറസ് മുഖാന്തരം അനേകം പേരുടെ തൊഴിൽ നഷ്ടപ്പെടുകയും ലോകത്തിന്റെ സാമ്പത്തിക രംഗത്തെ വഷളാക്കുകയും ചെയ്തിട്ടുണ്ട്.

ഈ വൈറസിന്റെ ആഘാതം ഏറ്റവും കൂടുതൽ മാരകമായത് ഇറ്റലി, സ്പെയിൻ, ഫ്രാൻസ്, ഇംഗ്ലണ്ട്, യു.എസ്.എ., റഷ്യ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിലാണ്. ഇന്ത്യയിലും ആയിരക്കണക്കിനാളുകളുടെ ജീവൻ

4–ാം പേജിൽ തുടരും...

# ECHO OF HIS CALL - SINCE 1969

## ഞങ്ങളുടെ നിയോഗം

**പ്രാചീന അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്ക് മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.**

**തമിഴ്, മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, പഞ്ചാബി, ഗുജറാത്തി, ഒറിയ, നേപ്പാളി, ഉറുദു, സിംഹളം, ആഫ്രിക്കൻസ് – മാസിക**





**"...ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നേ"** (യെശയ്യാവ് 48:17)

യേശുക്രിസ്തുവിൽ പ്രിയ ജനമേ,

ലോകത്തിന്റെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളെ വന്ദനം ചെയ്യുന്നു.

ഈ കത്ത് എഴുതുന്ന സമയത്തും ലോകം മുഴുവനുമുള്ള ജനങ്ങൾ കോവിഡ് 19 (കൊറോണ)ന്റെ ഭീതിയിലാണ്. ഈ മഹാമാരിയാൽ ലോകം മുഴുവനുമുള്ള അനേകായിരങ്ങൾക്ക് ജീവൻ നഷ്ടപ്പെട്ടു. ഈ രോഗത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് അനേകം പേർ ആശുപത്രികളിലും ഭവനങ്ങളിലും ഒറ്റപ്പെട്ടു കഴിയുന്നു. ഈ മാരക വൈറസിൽ നിന്നും ലോകജനതയെ വിടുവിക്കുവാനായി തുടർന്നും നാം നിരന്തരമായി പ്രാർത്ഥിക്കണം. നിരപരാധികളായ ജനങ്ങളുടെ മരണവാർത്ത ഹൃദയഭേദകമാണ്. അതിനാൽ ദൈവത്തിന്റെ ജനമായ നാം ഇതിനെതിരെ, ഈ രോഗത്തിന്റെ വ്യാപനത്തിനെതിരെ ശക്തമായി പോരാടേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ ജീവിതചര്യ, ആരാധനകളുടെ ക്രമങ്ങൾ, പ്രാർത്ഥനയുടെ വിധങ്ങൾ, ദൈവവേലയുടെ വഴികൾ എന്നിവയെല്ലാം നമുക്ക് വളരെയധികം ഇഷ്ടക്കേടുണ്ടാക്കുന്നതാണ്. ഇതൊക്കെയും ദൈവത്തിനും ഇഷ്ടമില്ലാത്തതാണ്. അതിനാൽ ദൈവത്തിന്റെ വേലക്കാരും ശുശ്രൂഷകരുമുൾപ്പെടെയുള്ള എല്ലാവരും ദൈവസന്നിധിയിൽ പശ്ചാത്താപത്തോടെ, അനുതാപത്തോടെ പ്രാർത്ഥിക്കേണ്ടതാണ്.

വേദപുസ്തകാടിസ്ഥാനത്തിൽ ഈ പകർച്ചവ്യാധിയ്ക്ക് രണ്ടുകാരണങ്ങളുണ്ട്. നമുക്ക് 2 ദിനവൃത്താന്തം 7:13,14 വായിക്കാം.

"മഴ പെയ്യാതിരിക്കേണ്ടതിനു ഞാൻ ആകാശം അടയ്ക്കുകയോ, ദേശത്തെ തിന്നു മുടിക്കേണ്ടതിനു വെട്ടുക്കിളിയോടു കല്പിക്കയോ എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ",

"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും".

അനേകം പ്രാർത്ഥനാ യോഗങ്ങളിൽ ഈ വാക്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഈ വാക്യങ്ങളും അതിന്റെ വിശദീകരണങ്ങളുമെല്ലാം ജനങ്ങൾ പലതവണ കേട്ടിട്ടുള്ളതിനാൽ ഇതിന്റെ സന്ദേശം ഒരു സാധാരണ കാര്യം പോലെയായിട്ടുണ്ട്. അതിനാൽ ഇതിൽ അടങ്ങിയിരിക്കുന്ന പ്രാർത്ഥനയ്ക്കുള്ള അപേക്ഷയെ ജനം കണക്കിലെടുക്കുന്നില്ല. വരൾച്ച, വെട്ടുക്കിളിയുടെ ആക്രമണം, മഹാമാരി എന്നിവയെല്ലാം ദൈവത്തിന്റെ കോപത്തിന്റെ പ്രതിഫലനമാണെന്ന് ദൈവം വ്യക്തമാക്കുന്നു. ഇത് ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല.

ആദ്യമായി, ദൈവത്തിന്റെ ജനമെന്നു വിളിക്കപ്പെടുന്ന ക്രിസ്ത്യാനികൾ ദൈവത്തിനു ശരിയായ വിധത്തിൽ മഹത്വം നൽകാൻ മറന്നുപോയിരിക്കുന്നു. തന്റെ സ്വന്തജനം തന്നെ ദൈവത്തിന്റെ മഹത്വത്തെ ബഹുമാനിക്കുന്നില്ല. സഭകളിലെ ആരാധനകൾ വെറും നാടകത്തിന്റെ അവതരണങ്ങൾ പോലെ മാറിപ്പോയിരിക്കുന്നു. ചില സഭകളുടെ ആരാധനകൾ നടക്കുന്നത് ക്ലബ് പോലെയാണ്. കൂടാതെ വ്യാപാരശാല പോലെയുമായിരിക്കുന്നു. വ്യക്തികളുടെ താല്പര്യങ്ങൾക്കും ചിന്തകൾക്കും അനുയോജ്യമായി ആരാധനകൾ മാറിപ്പോയിരിക്കുന്നു. ഈ ആരാധനകളിൽ ഒരുതരത്തിലുമുള്ള ക്രമവുമില്ലാതിരിക്കുകയുമാണ്.


**CHIEF EDITORS**
Pastor S. Sam Selva Raj
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M. Phil., B.Ed.

**ADVISORY BOARD**
Adv. Jose Abraham
Adv. N. Balaji, B.Com., B.L.
Dr. S. Rabinder Boaz, M.S.
Er. C.G.S. Baburao, B.Tech., M.Tech. (DM)
Aud. K. Puratchivendan, M.Com., B.L.
Bro. Rajeswaran Samuel, B.Com.



**PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
**Phone :** (+91-44) 2852 8282
2852 9293, 2854 7766
**Email :** sam@echoofhiscall.org
biblecor@yahoo.co.in

**Websites :**
www.echoofhiscall.org
www.echoofhiscall.com



**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners Village English High School Crusades 100 Prayer Warriors Community Development

പഴയകാലത്തെ വേദപുസ്തകാടിസ്ഥാനത്തിലുള്ള സഭകൾ പഠിപ്പിച്ചിരുന്നതുപോലെയോ അവരുടെ തത്ത്വചിന്തകളോ ഇപ്പോഴത്തെ സഭകൾ പാലിക്കാതെ സ്തുതിയും ആരാധനയുമെന്നു പറഞ്ഞ് ഡാൻസും പാട്ടുമൊക്കെ ഉൾപ്പെടുത്തിയിരിക്കുന്നു. അതിനാൽ ഇതൊക്കെ സഭാരാധനകളാണോ അല്ലയോ എന്ന് അതിശയിച്ചു പോകുകയാണ്.

- ദൈവജനം ആരാധനകൾക്ക് **കൃത്യസമയത്ത്** കടന്നു വരുന്നില്ല.
- നമ്മുടെ പൂർവ്വ പിതാക്കന്മാരെപ്പോലെ ചെയ്യാതെ ഇപ്പോഴത്തെ സഭയുടെ അംഗങ്ങൾ **കുടുംബമായി** ആരാധനയ്ക്ക് കടന്നുവരുന്നില്ല.
- ആരാധനാ സമയത്തും പ്രാർത്ഥനാ സമയത്തും പാട്ടുപാടുമ്പോഴും, വചനം സംസാരിക്കുമ്പോൾ പോലും ദൈവജനങ്ങൾ **മൊബൈലും ലാപ്ടോപ്പുമെല്ലാം** ഉപയോഗിക്കുന്നു.
- നമ്മുടെ പൂർവ്വ പിതാക്കന്മാർ ആരാധനയ്ക്ക് പോകുമ്പോൾ, **പാട്ടുപുസ്തകവും, വേദപുസ്തകവും,** നോട്ടുകൾ രേഖപ്പെടുത്താനായി **നോട്ടുബുക്കും** കൊണ്ടുപോകാറുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയൊന്നും ചെയ്യാതെ വചനം വായിക്കുന്നത് മൊബൈൽ ഫോണിൽ നിന്നുമായിരിക്കുന്നു. ചില സഭാംഗങ്ങളും ശുശ്രൂഷകന്മാർപോലും പാട്ടുപാടുവാനും വേദപുസ്തകം വായിക്കുവാനും മൊബൈൽ ഉപയോഗിക്കുന്നു.
- ചില ആളുകൾ ആരാധന നടക്കുന്ന സമയം **സഭയ്ക്കു ബഹുമാനം നൽകാതെ** ആലയത്തിന് പുറത്തു നിൽക്കുന്നു. ചിലർ ചായ കുടിക്കുവാനും മറ്റുചിലർ മദ്യം ലഭിക്കുന്ന കടകളിലോട്ടും പോകുന്നു.
- ആരാധന കഴിഞ്ഞയുടനെതന്നെ ചില അംഗങ്ങൾ ശുശ്രൂഷകനെ **വിമർശിക്കാൻ** തുടങ്ങുന്നു. അത് സഭയിൽ ആരാണ് വലിയത് എന്ന് കാണിക്കുവാനാണ്.
- തങ്ങളുടെ ശക്തി തെളിയിക്കുവാനായി ചിലർ **തർക്കിക്കുകയും തമ്മിൽ തല്ലുകൂടുകയും** ചെയ്യുന്നു. അത് രാഷ്ട്രീയം സഭയ്ക്കകത്ത് പ്രവേശിക്കുന്നതുകൊണ്ടാണ്. ഇതെല്ലാം ചെയ്യുന്നത് വേദപുസ്തക തത്ത്വചിന്തകളുടെ അടിസ്ഥാനത്തിലുമാണ് എന്നുള്ളതാണ് സഹിക്കാൻ കഴിയാത്തത്.
- ചിലർ സഭയിൽ വരുന്നത് തങ്ങളുടെ ആധുനിക **ആഭരണങ്ങളും ഏറ്റവും പുതിയ രീതിയിലുള്ള വേഷവിധാനങ്ങൾ** പ്രദർശിപ്പിക്കുവാനുമാണ്.
- ചിലർ സഭകളിലുണ്ടാകുന്ന **തർക്കങ്ങളെ** പോലീസ് സ്റ്റേഷനിലേക്കും കോടതിയിലുമൊക്കെ വലിച്ചുകൊണ്ടു പോകാറുണ്ട്.

### ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കുവാൻ എങ്ങനെ കഴിയും?

**തന്റെ ശുശ്രൂഷയിലായിരിക്കുന്ന ദൈവവേലക്കാരെക്കുറിച്ച് വേദപുസ്തകം എന്താണ് പറയുന്നത്?**

*"എന്നാൽ ദുഷ്ടനോട് ദൈവം അരുളിചെയ്യുന്നു: നീ എന്റെ ചട്ടങ്ങളെ അറിയിപ്പാനും എന്റെ നിയമത്തെ നിന്റെ വായിൽ എടുപ്പാനും നിനക്കെന്തു കാര്യം? നീ ശാസനയെ വെറുത്തു ദൈവവചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞു കളയുന്നുവല്ലോ. കള്ള നെ കണ്ടാൽ നീ അവന് അനുകൂലപ്പെടുന്നു; വ്യഭിചാരികളോട് നീ പങ്കു കൂടുന്നു. നിന്റെ വായ് നീ ദോഷത്തിനു വിട്ടുകൊടുക്കു ന്നു; നിന്റെ നാവ് വഞ്ചന പിണെക്കുന്നു. നീ ഇരുന്നു നിന്റെ സ ഹോദരനു വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു; എന്നാൽ ഞാൻ നിന്നെ ശാസിച്ചു നിന്റെ കണ്ണിൻ മുമ്പിൽ അവയെ നിരത്തിവയ്ക്കും" (സങ്കീർത്തനങ്ങൾ 50:16-21)*

**ദൈവത്തിന്റെ വേലയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്ന നാം നമ്മുടെ ജീവിതവും ആരാധനകളും കൊണ്ട് ദൈവത്തിനു അപ്രീതി ഉണ്ടാക്കിയിരിക്കുന്നു. അതിനാൽ ദൈവം പള്ളികളെ അടയ്ക്കുകയും നമ്മുടെ ആരാധനകൾക്കു നേരെ മുഖം തിരിക്കുകയും ചെയ്യുന്നു. ശബത്തിൽ പോലും നമ്മുടെ സ്വന്തം സഭകളെ ഉപയോഗിക്കുവാൻ സാധിക്കാത്ത അവസ്ഥ ആയിരിക്കുന്നു. 2 ദിനവൃത്താന്തം 29 ഉം, ആവർത്തന പുസ്തകം 6, 28 എന്നീ അദ്ധ്യായങ്ങളും ദയവായി വായിക്കുവിൻ.**

**"നമ്മുടെ പിതാക്കന്മാർ അകൃത്യം ചെയ്തു, നമ്മുടെ ദൈവമായ യഹോവയ്ക്ക് അനിഷ്ടമായുള്ളത് പ്രവർത്തിച്ച് അവനെ ഉപേക്ഷിക്കയും യഹോവയുടെ നിവാസത്തിങ്കൽ നിന്നു മുഖംതിരിച്ചും അതിനു പുറം കാട്ടുകയും ചെയ്തുവല്ലോ. അവർ മണ്ഡപത്തിന്റെ വാതിലുകൾ അടച്ചു, വിളക്കു കെടുത്തി, വിശുദ്ധ മന്ദിരത്തിൽ യിസ്രായേലിന്റെ ദൈവത്തിനു ധൂപം കാണിക്കാതെയും ഹോമയാഗം കഴിക്കാതെയും ഇരുന്നു. അതുകൊണ്ട് യഹോവയുടെ കോപം യഹൂദയുടെയും യെരുശലേമിന്റെയും മേൽ വന്നു; നിങ്ങൾ സ്വന്ത കണ്ണാൽ കാണുന്നതുപോലെ അവൻ അവരെ നടുക്കത്തിനും അമ്പരപ്പിനും ഹാസ്യത്തിനും വിഷയമാക്കിത്തീർത്തിരിക്കുന്നു" (2 ദിനവൃത്താന്തം 29:6-8).**

**"നിന്നെ അടിമവീടായ മിസ്രയീം ദേശത്തുനിന്ന് കൊണ്ടുവന്ന യഹോവയെ മറക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. നിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ട് അവനെ സേവിക്കേണം; അവന്റെ നാമത്തിൽ സത്യം ചെയ്യേണം. നിന്റെ ദൈവമായ യഹോവയുടെ കോപം നിനക്കു വിരോധമായി ജ്വലിച്ചു നിന്നെ ഭൂമിയിൽ നിന്നു നശിപ്പിക്കാതിരിപ്പാൻ ചുറ്റുമിരിക്കുന്ന ജാതികളുടെ ദേവന്മാരായ അന്യദൈവങ്ങളുടെ പിന്നാലെ നീ പോകരുത്" (ആവർത്തന പുസ്തകം 6:12-14).**

"എന്നെ ഉപേക്ഷിച്ചു ചെയ്ത ദുഷ്പ്രവർത്തികൾ നിമിത്തം നീ വേഗത്തിൽ മുടിഞ്ഞുപോകുംവരെ നിന്റെ കൈതൊടുന്ന എല്ലാറ്റിലും യഹോവ ശാപവും പരിഭ്രമവും പ്രാക്കും അയക്കും. നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തുനിന്നു നിന്നെ മുടിച്ചു കളയുംവരെ യഹോവ നിനക്കു മഹാമാരി പിടിപ്പിക്കും. ക്ഷയരോഗം, ജ്വരം, പുകച്ചിൽ, അത്യുഷ്ണം, വരൾച്ച, വെൺകതിർ, വിഷമഞ്ഞ് എന്നിവയാൽ യഹോവ നിന്നെ ബാധിക്കും; നീ ന ശിക്കും വരെ അവ നിന്നെ പിന്തുടരും" (ആവർത്തനം 28:20-22)

രണ്ടാമതായി ഈ ലോകത്തെ ന്യായം വിധിക്കുവാനായി യേശുക്രിസ്തുവിന്റെ രണ്ടാംവരവും ആകാം. ഇത് വേദപുസ്തകത്തിൽ മത്തായി 24:4-13 വരെ രേഖപ്പെടുത്തിയിട്ടുണ്ട്.

"അതിനു യേശു ഉത്തരം പറഞ്ഞത്: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേർ എടുത്തുവന്നു പലരെയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതുതന്നെ. എന്നാൽ അത് അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ. അന്നു അവർ നിങ്ങളെ ഉപദ്രവത്തിന്നു ഏല്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകെയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചു കൊടുക്കയും അന്യോന്യം പകെക്കയും ചെയ്യും. കള്ളപ്രവാചകന്മാർ

പലരും വന്ന് അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതു കൊണ്ടു അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും."

ഈ പ്രശ്നങ്ങളുടെയൊക്കെ കാരണമെന്താണെന്ന് ഈ അടുത്ത സമയം ചില രാഷ്ട്ര നേതാക്കൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽ ദൈവം പുതുതായി എന്തോ ചെയ്യാൻ തുടങ്ങുന്നു എന്നു നാം വിശ്വസിക്കുന്നു.

അതിനാൽ ഈ കാലഘട്ടത്തിൽ ദൈവവേലക്കാർ തങ്ങളുടെ വിളി എന്താണെന്ന് ഒരിക്കൽ കൂടി തിരിച്ചറിഞ്ഞ് തങ്ങളുടെ രക്ഷ, സ്നാനം, വിശുദ്ധ ജീവിതം എന്നിവയെക്കുറിച്ച് യഥാർത്ഥമായി അനുതപിക്കുവിൻ. നിശബ്ദരായിരിക്കാതെ ലോക ജനതയ്ക്കു വേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുകയും, സഭകൾക്കായും, വിശ്വാസ സമൂഹത്തിനായും പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്വിൻ. സർവ്വശക്തനായ ദൈവം ഈ ലോകത്തിലെ ജനങ്ങളുടെ മേൽ കരുണ കാണിക്കട്ടെ! അല്ലാതെ വെറെ വഴിയൊന്നും ഇല്ല!!

എല്ലാ മഹത്വവും ദൈവത്തിന്!

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ
**എസ്. സാം സെൽവരാജ്**

---

*1-ാം പേജിന്റെ തുടർച്ച...*

നഷ്ടപ്പെട്ടു, കൂടാതെ അനേകരെ ബാധിക്കുകയും ചെയ്തു. തമിഴ്നാട്ടിലും അനേകം പേർ രോഗബാധിതരാകുകയും ആയിരങ്ങൾ മരിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം എല്ലാ സംസ്ഥാനങ്ങളും ലോക്ക്ഡൗൺ പ്രഖ്യാപിച്ച് ഈ മാരക വിപത്തിനെതിരെ പൊരുതുകയാണ്. ഈ പ്രവർത്തനം അതിബൃഹുത്തായതാണ്.

ചൈനയിലെ വുഹാനിൽ 2019 നവംബറിൽ പൊട്ടിപ്പുറപ്പെട്ട ഈ വൈറസ് കാട്ടുതീ പോലെ ചെറിയ സമയംകൊണ്ടുതന്നെ ലോകം മുഴുവനും പടർന്നു പിടിച്ചു. ഈ മാരകമായ വൈറസിനെതിരെ ഇതുവരെയും മരുന്ന് കണ്ടുപിടിച്ചിട്ടില്ല. ഓരോ രോഗികളും കാണിക്കുന്ന രോഗലക്ഷണത്തിനാനുപാദികമായി ഓരോ മരുന്നും മാറി മാറി നൽകി ചികിത്സിച്ചുകൊണ്ടിരിക്കുകയാണ്. വൈറസിനെ നിയന്ത്രിക്കുവാനുള്ള ഒരു ഔഷധം കണ്ടുപിടിക്കാൻ ഗവേഷകർ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പരീക്ഷണങ്ങളും വിജയപ്രദമായി താണ്ടി മരുന്ന് ലഭ്യമാകുവാൻ കുറെയധികം സമയം വേണ്ടിവരും. എന്തൊക്കെയായാലും ദൈവജനത്തിന് യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ഒരു പ്രത്യേക സുരക്ഷാകവചം ഉണ്ട് എന്ന് മനസ്സിലാക്കാം.

ഇതുപോലുള്ള അത്യാഹിതങ്ങൾ ലോകത്തെ ബാധിക്കുന്നതെന്തുകൊണ്ട് എന്നുള്ള ഒരു ചോദ്യം നമ്മുടെ മനസ്സിൽ ഉണ്ടാകാറുണ്ട്. ഉത്തരം വളരെ ലളിതമാണ്. ജനങ്ങൾ ദൈവത്തിൽ നിന്ന് അകന്നു പോകുമ്പോൾ അവരെ തിരികെ കൊണ്ടുവരാനായി പല രീതിയിലും ലോകത്തെ ബാധിക്കുവാൻ ദൈവം അനുവദിക്കുന്നു. തന്റെ ജനത്തിനു വേണ്ടിയാണ് ദൈവം ലോകത്തെ സൃഷ്ടിച്ചത്. ദൈവഭക്തി ഇല്ലാത്തവരെയും ദുഷ്ടന്മാരെയും നിഷേധികളെയും തിരുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. എത്രവേഗം ഇവരൊക്കെ ദൈവസന്നിധിയിലേക്ക് കടന്നു വരുന്നുവോ അത്രയും വേഗം ഈ മഹാമാരി ഒഴിഞ്ഞുപോകും!

## നോഹയുടെ കാലത്തെ ദുരന്തം

നോഹയുടെ കാലഘട്ടത്തിൽ ഈ ലോകം മുഴുവനും ദുഷ്ടത നിറഞ്ഞിരിക്കുന്നതായി ദൈവം കണ്ടു. "താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു; അതു അവന്റെ ഹൃദയത്തിന് ദുഃഖമായി" (ഉല്പത്തി 6:5,6). അതിനാൽ താൻ സൃഷ്ടിച്ച എല്ലാ ജീവജാലങ്ങളെയും ഈ ഭൂമുഖത്തുനിന്നും നശിപ്പിച്ചു കളയുവാൻ അവൻ തീരുമാനിക്കുന്നു. എല്ലാ മനുഷ്യരെയും മൃഗങ്ങളെയും, ഇഴജന്തുക്കളെയും, ആകാശത്തിലെ പറവകളെയും ഉൾപ്പെടെയുള്ള എല്ലാത്തിനെയും നശിപ്പിക്കാൻ ദൈവം തീരുമാനിച്ചു. "നോഹയുടെ കാലംപോലെ തന്നേ, മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനുമുൻപുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും" (മത്തായി 24:37–39) എന്ന് യേശുക്രിസ്തു പ്രഖ്യാപിച്ചു.

നോഹ നീതിമാനാകകൊണ്ടും ആ തലമുറയിൽ നേരോടെ നടന്നവനാകകൊണ്ടും ദൈവത്തോടൊപ്പം നടന്നതുകൊണ്ടും നോഹയ്ക്ക് ദൈവത്തിന്റെ കണ്ണിൽ കൃപ ലഭിച്ചു. അതിനാൽ നോഹയെയും കുടുംബത്തിനെയും രക്ഷിക്കാൻ ആഗ്രഹമുള്ളതുകൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുവാൻ ദൈവം മോശെയോട് കല്പിച്ചു. ദൈവം കല്പിച്ചതു പോലെ നോഹ പെട്ടകം ഉണ്ടാക്കുവാൻ തുടങ്ങി. അതേ സമയം അവൻ ജനത്തിന് നീതിബോധം ഉണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്തു. പക്ഷെ നീതികെട്ട ജനം അവന്റെ വാക്കിന് ചെവി കൊടുക്കുകയോ അവരുടെ അധർമ്മപ്രവൃത്തികൾ ഉപേക്ഷിക്കുകയോ ചെയ്തില്ല (1പത്രൊസ് 3:20; 2 പത്രൊസ്2:5).

നോഹയും കുടുംബവും പെട്ടകത്തിനകത്ത് പ്രവേശിക്കുവാൻ ദൈവം കല്പിച്ചു. ശുദ്ധിയുള്ള പക്ഷിമൃഗാദികളിൽ നിന്ന് ഏഴു ജോഡികളെയും ശുദ്ധിയില്ലാത്തവയിൽ നിന്നും ഒരു ജോഡിയെയും കൂടെ അവനോടൊപ്പം പെട്ടകത്തിന്റെ അകത്ത് പ്രവേശിക്കുവാൻ ദൈവം കല്പിച്ചു. മഴയും മഴയോടൊപ്പം വെള്ളപ്പൊക്കവും ഉണ്ടായി. പെട്ടകത്തിന്റെ വാതിൽ ദൈവം അടച്ചു. അത് വെള്ളത്തിൽ ഒഴുകുവാൻ തുടങ്ങി. ഏറ്റവും ഉയരം കൂടിയ കൊടുമുടിവരെ വെള്ളത്തിനടിയിലായി. 150 ദിവസം വെള്ളം പൊങ്ങിക്കൊണ്ടിരുന്നു. ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളും നശിച്ചുപോയി. നോഹയും കുടുംബവും പെട്ടകത്തിനകത്ത് ഒരു വർഷവും 17 ദിവസവും കഴിച്ചുകൂട്ടി. വെള്ളം താഴ്ന്നപ്പോൾ അവർ പുറത്തിറങ്ങി. നോഹയുടെ ഉപദേശം ശ്രവിക്കാത്ത എല്ലാ ജനങ്ങളും വെള്ളപൊക്കത്തിൽ നശിച്ചുപോയി. ദൈവം തന്റെ ശുശ്രൂഷകരിലൂടെ കാലാകാലങ്ങളിൽ ലോകത്തിന് മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുന്നു. ജാഗ്രതയുള്ളവർ അവന്റെ ശബ്ദം കേട്ട് തെറ്റായ വഴികൾ വിട്ടു തിരിഞ്ഞുവന്ന് ദുരന്തങ്ങളിൽ നിന്നും രക്ഷ നേടുന്നു.

## സോദോം ഗോമോറയ്ക്കുള്ള ന്യായവിധി

യോർദ്ദാൻ സമഭൂമിയിലുള്ള അടുത്തടുത്ത രണ്ടു പട്ടണങ്ങളാണ് സോദോമും ഗോമോറയും. സോദോമിലാണ് അബ്രഹാമിന്റെ സഹോദരപുത്രനായ ലോത്ത് താമസിച്ചിരുന്നത്. ഈ രണ്ടു പട്ടണങ്ങളിലെയും ജനങ്ങൾ നോഹയുടെ കാലത്തെ ജനങ്ങളെക്കാൾ അക്രമാസക്തരും ദുഷിച്ചവരും സ്വഭാവമില്ലാത്തവരുമായിരുന്നു. അബ്രഹാമിനോടൊപ്പം വിരുന്നിൽ പങ്കെടുത്ത ദൂതന്മാർ ഈ പട്ടണങ്ങൾ സന്ദർശിക്കുവാൻ ആഗ്രഹിച്ചു. ത്രിസന്ധ്യനേരത്ത് അവർ ലോത്തിനെ കണ്ടു. ഈ രാത്രി തന്നോടൊപ്പം താമസിക്കുവാൻ അവരോട് ലോത്ത് ആവശ്യപ്പെട്ടു. ലോത്തിനോട് അനുകമ്പ തോന്നിയതിനാൽ അവർ അവനോടൊപ്പം വിരുന്നിൽ പങ്കെടുത്തു. അവർ വിശ്രമിക്കാൻ തുടങ്ങുന്നതിനുമുമ്പേ സോദോമിലെയും ഗോമോറയിലെയും യുവാക്കളും വൃദ്ധരും തന്നോടൊപ്പമുള്ള രണ്ടുപേരെയും ലൈംഗികമായി ഉപയോഗിക്കേണ്ടതിന് ഇറക്കിവിടു

*6-ാം പേജിൽ തുടരും...*

# പരമനിയോഗദൗത്യ പങ്കാളികൾ

## പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13)

## വേഗത കൂടുതൽ (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു!
### സ്തോത്രത്തിനായി

**ജൂലൈ 19** : കോവിഡ് 19 ൽ നിന്നും ദൈവം നമ്മെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂലൈ 20** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർ ബ്ര.പോൾരാജിന്റെ രോഗത്തിൽ നിന്നും ദൈവം വിടുതൽ നൽകിയതിനായി.

**ജൂലൈ 21** : നമ്മുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാരെ ദൈവം സുരക്ഷിതമായി പരിപാലിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂലൈ 22** : കൊറോണ ബാധിതരെയും നമ്മുടെ ശുശ്രൂഷയെയും സഹായിച്ചുകൊണ്ടിരിക്കുന്ന കരുണയും സ്നേഹവുമുള്ള വ്യക്തികൾക്കായി.

**ജൂലൈ 23** : സുവിശേഷം കടന്നുചെല്ലാത്ത മേഖലകളിൽ സുവിശേഷവുമായി കടന്നു ചെല്ലുവാൻ ദൈവം സഹായിച്ചതിനായി.

**ജൂലൈ 24** : കോവിഡ് 19 ബാധിച്ചവർക്കു സഹായമെത്തിക്കാൻ ദൈവം ഞങ്ങളെ പ്രാപ്തരാക്കിയതിനാൽ.

**ജൂലൈ 25** : നമ്മുടെ 16 ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾക്കായും, അവ അച്ചടിച്ച നമ്മുടെ പ്രിന്റിംഗ് പ്രസ്സിനായും മിഷൻ ഫീൽഡുകളിൽ അവ എത്തിച്ചതിനായും.

**ജൂലൈ 26** : കോവിഡ് 19 ന്റെ മദ്ധ്യേ ജൂൺ മാസം മുതൽ വിളിയുടെ പ്രതിധ്വനി മാസിക പുനർ പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചതിനായി.

**ജൂലൈ 27** : **വിളിയുടെ പ്രതിധ്വനി**യെ സാമ്പത്തികമായി സഹായിച്ചുകൊണ്ടിരിക്കുന്നവർക്കായി.

**ജൂലൈ 28** : മിഷൻ വയലേലകളിൽ നിന്നും നല്ല വാർത്തകൾ വന്നുകൊണ്ടിരിക്കുന്നതിനായി.

**ജൂലൈ 29** : ഞങ്ങളുടെ ശുശ്രൂഷയിൽ അർപ്പണബോധമുള്ള ജീവനക്കാർ ലഭിച്ചതിനായി.

**ജൂലൈ 30** : ബൈബിൾ കോളേജിലെ വിദ്യാർത്ഥികളെ ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നതിനായി.

**ജൂലൈ 31** : ദുഷ്ടശക്തികളിൽനിന്നും സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

**ആഗസ്റ്റ് 01** : കോവിഡ് 19 കാലത്തെ **വിളിയുടെ പ്രതിധ്വനി**യുടെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 02** : മിഷൻ പ്രവർത്തനത്തിന് പുനരാരംഭിക്കുവാൻ ദൈവം സഹായിച്ചതിനായി.

**ആഗസ്റ്റ് 03** : ലോകം മുഴുവനുമുള്ള ആത്മീയ/രാഷ്ട്ര നേതാക്കൾക്കായും ദൈവത്തിനു സ്തോത്രം കരേറ്റാം

### പ്രാർത്ഥനയ്ക്കായി

**ആഗസ്റ്റ് 04** : ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്ര.പോൾരാജിന്റെ പരിപൂർണ്ണ രോഗസൗഖ്യത്തിനായി.

**ആഗസ്റ്റ് 05** : ലോകത്തിൽ നിന്നും കൊറോണ പൂർണ്ണമായും തുടച്ചു നീക്കപ്പെടുവാൻ.

**ആഗസ്റ്റ് 06** : കൊറോണ ബാധിച്ചു മരിച്ചവരുടെ സന്തപ്ത കുടുംബാംഗങ്ങൾക്കായി.

**ആഗസ്റ്റ് 07** : ലോകം മുഴുവനുമുള്ള ജനങ്ങൾ അനുതപിക്കുന്നതിനായി.

**ആഗസ്റ്റ് 08** : ഒരിക്കൽകൂടി ദൈവകൃപ ദൈവജനത്തിന്റെമേൽ വർഷിക്കപ്പെടുവാനായി.

**ആഗസ്റ്റ് 09** : ഇന്ത്യയുടെമേലുള്ള ശാപങ്ങൾക്കായി പ്രാർത്ഥിപ്പിൻ.

**ആഗസ്റ്റ് 10** : 2020-2021 വർഷത്തിലേക്ക് **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ** പുതിയ വിദ്യാർത്ഥികൾ ലഭിക്കുവാൻ.

**ആഗസ്റ്റ് 11** : **വിളിയുടെ പ്രതിധ്വനി**യുടെയുടെ ഈ മാസത്തെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

**ആഗസ്റ്റ് 12** : ലോകം മുഴുവനുമുള്ള സമാധാനത്തിനായി.

**ആഗസ്റ്റ് 13** : ലോകം മുഴുവനുമുള്ള ജനങ്ങളുടെ ആവശ്യങ്ങൾക്കായി.

**ആഗസ്റ്റ് 14** : ലോകം മുഴുവനും ദൈവം ഉണർവ്വ് അയയ്ക്കുവാൻ.

**ആഗസ്റ്റ് 15** : 2020-2021 വർഷത്തിൽ **നെഹെമ്യ ബൈബിൾ കോളേജിൽ** പുതിയ വിദ്യാർത്ഥികൾ ലഭിക്കുവാൻ.

**ആഗസ്റ്റ് 16** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർ ബ്ര.പോൾരാജ് രചിച്ച **കിംഗ്ഡം ഓഫ് ഗോഡ്** എന്ന ഇംഗ്ലീഷ് പുസ്തകം എത്രയും വേഗം പ്രസിദ്ധീകരിക്കുവാനായി.

**ആഗസ്റ്റ് 17** : **വിളിയുടെ പ്രതിധ്വനി**യുടെ ബഹുവിധമായ പ്രവർത്തനങ്ങൾക്കായി.

**ആഗസ്റ്റ് 18** : മിഷൻ ഫീൽഡുകളിലെ നമ്മുടെ പ്രവർത്തകർക്കായി.

*...4-ാം പേജിന്റെ തുടർച്ച*

വാൻ ലോത്തിനോട് ആവശ്യപ്പെട്ടു. ലോത്ത് തന്റെ രണ്ടു പെൺമക്കളെയും ഇവർക്കു പകരമായി തരാം എന്നു പറഞ്ഞെങ്കിലും അവർ അടങ്ങിയില്ല. ദൈവം ഈ ജനത്തിന് അന്ധത വരുത്തുകയും അവർ ആ പ്രദേശം മുഴുവനും തപ്പിത്തടഞ്ഞ് നടക്കുകയും ചെയ്തു. ദൈവം ആ പ്രദേശത്തെ നശിപ്പിക്കാൻ തീരുമാനിച്ചതിനാൽ ലോത്തിനോടും ഭാര്യയോടും മക്കളോടും അവിടംവിട്ട് ഓടിപ്പോകുവാൻ ദൈവം ധൃതികൂട്ടി. ദൈവം ലോത്തിനോട് "ജീവരക്ഷക്കായി ഓടിപ്പോക; പുറകോട്ടു നോക്കരുത്; ഈ പ്രദേശത്തെങ്ങും നിൽക്കയുമരുത്; നിനക്കു നാശം ഭവിക്കാതിരിപ്പാൻ പർവ്വതത്തിലേക്ക് ഓടിപ്പോക എന്നു പറഞ്ഞു" (ഉൽപ്പത്തി 19:17). നേരം പുലരാറായപ്പോൾ ദൈവം സോദോമിനെയും ഗോമോറയെയും തീയും ഗന്ധകവും വർഷിച്ച് നശിപ്പിച്ചു കളഞ്ഞു. ലോത്തിന്റെ ഭാര്യ സംഭവിക്കുന്നത് കാണാനായി തിരിഞ്ഞു നോക്കിയപ്പോൾ ഉപ്പുതൂണായിത്തീർന്നു.

സ്വവർഗ്ഗഭോഗം ഗൗരവമേറിയ പാപമാണ്. ഇത് ലോത്തിന്റെ കാലത്തും ഉണ്ടായിരുന്നു. ഇവ നടത്തി വന്നിരുന്ന രണ്ടു പട്ടണങ്ങളെയും ദൈവം നശിപ്പിച്ചു. ദൈവം ഈ പാപത്തെ വളരെയധികം വെറുക്കുന്നു. ഈ പാപം നമ്മുടെ കാലഘട്ടത്തിലും നിലനിൽക്കുന്നു. പല ലോക രാഷ്ട്രങ്ങളും ഈ ആചാരം തെറ്റല്ല എന്ന് പ്രമേയം പാസ്സാക്കിയിരിക്കയുമാണ്. ആണുങ്ങൾ തമ്മിലും പെണ്ണുങ്ങൾ തമ്മിലും വിവാഹംപോലും ഇപ്പോൾ നടക്കുന്നുണ്ട്. ലോകം ഇതിനെ വെറുക്കുകയും ഈ പാപത്തിൽ നിന്നും പുറത്തു വരികയും വേണം. ദൈവഹിതത്തിനെതിരായി രാഷ്ട്രങ്ങൾ പോകുമ്പോൾ ദൈവം ജനങ്ങളുടെ മേൽ തന്റെ ന്യായവിധി അയയ്ക്കുന്നു. അത് വെള്ളപ്പൊക്കത്തിലൂടെയോ, പകർച്ചവ്യാധിയായിട്ടോ, ഭൂകമ്പത്തിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ ദൈവം പ്രതികരിക്കുന്നു.

## പകർച്ചവ്യാധി ദൈവം നിറുത്തലാക്കി

ദാവീദ് രാജാവിന്റെ കാലത്തുണ്ടായ പകർച്ചവ്യാധിയെ ദൈവം നിറുത്തലാക്കി. ദൈവത്തോട് അഭിപ്രായം ചോദിക്കാതെ ദാവീദ് യിസ്രായേല്യരെ എണ്ണുവാൻ സൈന്യാധിപനായ യോവാബിനോട് കല്പിച്ചു. ദാവീദ് യുദ്ധങ്ങൾ ജയിച്ചിരുന്നത് തന്റെ കഴിവുകൊണ്ടല്ല ദൈവകൃപ കൊണ്ടായിരുന്നു. അതിനാൽ അവൻ ഇങ്ങനെയൊരു മണ്ടൻ തീരുമാനം എടുക്കാൻ പാടില്ലായിരുന്നു. വാളിൽ പ്രാവീണ്യമുള്ള യിസ്രായേലിലെയും യഹൂദ്യയിലെയും യോദ്ധാക്കളെ എണ്ണി. യിസ്രായേലിൽ 0.8 ദശലക്ഷവും യഹൂദ്യയിൽ 0.5 ദശലക്ഷവും ഉണ്ടായിരുന്നു. താൻ ചെയ്തത് മണ്ടത്തരമായിപ്പോയി എന്ന് ദാവീദിന് പിന്നീട് മനസ്സിലായി.

ദൈവത്തിന്റെ വചനം ഗാദ് പ്രവാചകനിലൂടെ ദാവീദിന്റെ അടുക്കൽ എത്തി. ദൈവം ദാവീദിനോട് രണ്ട് കാര്യങ്ങൾ പറഞ്ഞിട്ട് അതിൽ നിന്നും ഒന്ന് തിരഞ്ഞെടുക്കുവാൻ പറഞ്ഞു. (1) രാജ്യത്ത് ഏഴു വർഷത്തെ ക്ഷാമം, (2) ശത്രുക്കളിൽ നിന്നും രക്ഷപ്പെടാൻ മൂന്നുമാസം അവരിൽ നിന്നും പാലായനം ചെയ്യുക (3) മൂന്നു ദിവസത്തെ മഹാമാരി. ഈ മൂന്നിൽ നിന്നും ഒന്ന് തിരഞ്ഞെടുക്കുവാൻ ദൈവം അവനോട് ആവശ്യപ്പെട്ടു.

ദാവീദിന് വലിയ ദുഃഖവും പ്രയാസവും ഉണ്ടായി. അവന് ഒന്നും തിരഞ്ഞെടുക്കുവാൻ സാധിച്ചില്ല. "ദാവീദ് ഗാദിനോട്: ഞാൻ വളരെ വിഷമത്തിലായിരിക്കുന്നു; നാം യഹോവയുടെ കൈയ്യിൽതന്നെ വീഴുക; അവന്റെ കരുണ വലിയതല്ലോ; മനുഷ്യന്റെ കൈയ്യിൽ ഞാൻ വീഴരുതേ എന്നു പറഞ്ഞു" (2 ശമുവേൽ 24:14).

ദൈവം യിസ്രായേലിൽ മഹാമാരി അയച്ച് എഴുപതിനായിരംപേരെ കൊന്നു കളഞ്ഞു. ദൈവദൂതൻ യെരുശലേമിനെ ബാധിപ്പാൻ അതിന്മേൽ കൈ നീട്ടിയപ്പോൾ യഹോവ അവനോട്: "മതി നിന്റെ കൈ പിൻവലിക്ക" എന്നു കല്പിച്ചു. ബാധ അതോടെ നിന്നു. ദാവീദ് തന്റെ തെറ്റ് സമ്മതിച്ച് ദൈവത്തിന്റെ കാലിലേക്ക് വീണപ്പോൾ വിപത്തിൽ നിന്നും യെരുശലേം രക്ഷപ്പെട്ടു.

## എന്താണ് ദൈവം ആഗ്രഹിക്കുന്നത്?

ദൈവത്തിന് തന്റെ ജനത്തെക്കുറിച്ച് വലിയ പ്രതീക്ഷയുണ്ടായിരുന്നു. പക്ഷെ ഈ ജനം ഒന്നിനും കൊള്ളാത്തവരായി മാറി.

*"ഞാൻ നിന്നെ വിശിഷ്ട മുന്തിരിവള്ളിയായി, നല്ല തൈയായി തന്നേ നട്ടിരിക്കേ നീ എനിക്കു കാട്ടു മുന്തിരിവള്ളിയുടെ തൈയായ് തീർന്നത് എങ്ങനെ?" (യിരെമ്യാവ് 2:21).*

തന്റെ ജനം കള്ളം പറയുകയും തന്നിൽ നിന്ന് അകന്നു പോകുകയും ചെയ്യുമ്പോൾ ദൈവം ദുഃഖിക്കുന്നു.

*"കപടം കാണിപ്പാനും എന്നെ ഓർക്കയോ കൂട്ടാക്കുകയോ ചെയ്യാതിരിപ്പാനും നീ ആരെയാകുന്നു ശങ്കിച്ചു ഭയപ്പെട്ടത്? ഞാൻ ബഹുകാലം മിണ്ടാതെ ഇരുന്നിട്ടല്ലയോ നീ എന്നെ ഭയപ്പെടാതിരിക്കുന്നത്?" (യെശയ്യാവ് 57:11).*

എന്നാലും ദൈവം കരുണയുള്ളവനും കൃപാലുവുമാകുന്നു. അവൻ പറയുകയാണ്:

*"ഞാൻ എന്നേക്കും വാദിക്കയില്ല, എല്ലായ്പ്പോഴും കോപിക്കയുമില്ല; അല്ലെങ്കിൽ അവരുടെ ആത്മാവും ഞാൻ സൃഷ്ടിച്ചിട്ടുള്ള ദേഹികളും എന്റെ മുമ്പിൽ നിന്നു ക്ഷയിച്ചുപോകുമല്ലോ" (യെശയ്യാവ് 57:16).*

ഇപ്പോൾ ദൈവം തന്റെ ജനത്തെ വിളിക്കുകയാണ്.

"എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണ ഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേക്കു തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ച് അനുതപിക്കും" (യോവേൽ 2:12,13).

അതിനാൽ ദൈവസ്നേഹത്തിൽ എവിടെയാണ് കുറവുണ്ടായതെന്ന് ആത്മ പരിശോധന നടത്തേണ്ട സമയമാണിത്. നാം ദൈവത്തിലേക്ക് കടന്നു വന്നപ്പോൾ ദൈവത്തോട് അഭിനിവേശവും സ്നേഹവും പ്രകടമാക്കി, അവന്റെ വഴികളിലെല്ലാം സത്യസന്ധരായിരുന്നു. എഫസോസിലെ സഭയ്ക്കുള്ള സന്ദേശത്തിൽ ദൈവം ഇങ്ങനെ പറഞ്ഞു: "എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടു കളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറവാനുണ്ട്" (വെളിപ്പാട് 2:4).

നമ്മുടെ മിക്ക ജനങ്ങളും ദൈവസ്നേഹമില്ലാത്തവരും, സഭകളിൽ ആരാധനകൾക്കു സംബന്ധിക്കാത്തവരുമായി എന്നത് വലിയ സത്യമാണ്. എല്ലാ ഞായറാഴ്ചകളിലും യൂറോപ്യൻ രാജ്യങ്ങളിൽ ജനത്തെ സ്വാഗതം ചെയ്തുകൊണ്ട് വലിയ സഭകൾ വാതിലുകൾ തുറന്നിടാറുണ്ട്. പക്ഷെ വളരെ ചുരുങ്ങിയ ആളുകൾ മാത്രമേ ആരാധിക്കാനായി കടന്നു വരാറുള്ളു. മിക്ക ഇരിപ്പിടങ്ങളും ബഞ്ചുകളുമെല്ലാം ഒഴിഞ്ഞുതന്നെ കിടക്കുന്നു. സഭകളിൽ ജനങ്ങൾ കടന്നു വരാത്തതുകാരണം പല പള്ളികളും സിനിമാശാലയും നൃത്തശാലകളും നടത്തുവാനായി കച്ചവടം ചെയ്തുകഴിഞ്ഞു. ചിലത് മദ്യശാലകളുമായിട്ടുണ്ട്. ദൈവം സന്തോഷവാനായിരിക്കുമോ? ദൈവത്തെ ആരാധിക്കുവാൻ അനേകംപേർ ഇഷ്ടക്കേടും വിമുഖതയും കാണിക്കുന്നുണ്ട്. നാം എവിടെയായിരിക്കുന്നു എന്ന് ആത്മശോധന നടത്തുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. അതിനാൽ കരഞ്ഞും വിലപിച്ചുംകൊണ്ട് ദൈവത്തിന്റെ കൃപയുടെ ഇരിപ്പിടത്തിലേക്കു നമുക്ക് കടന്നു വരാം. നമ്മുടെ ദൈവം ഇപ്പോഴും കരുണയും കൃപയുള്ളവനാണ്!

## പ്രാർത്ഥനയുടെ ശക്തി

യഹൂദാ രാജാവായ ഹിസ്ക്കിയാവ് രോഗബാധിതനായി മരണത്തിന്റെ വക്കോളമെത്തി. യെശയ്യാ പ്രവാചകൻ രാജാവിന്റെ അടുക്കൽ ചെന്ന് ഇപ്രകാരം ബോധിപ്പിച്ചു. "നിന്റെ ഗൃഹകാര്യം ക്രമത്തിൽ ആക്കുക; നീ മരിച്ചുപോകും, ശേഷിക്കയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു. അപ്പോൾ ഹിസ്ക്കിയാവ് മുഖം ചുവരിന്റെ നേരെ തിരിച്ച് യഹോവയോടു പ്രാർത്ഥിച്ചു:

*അയ്യോ യഹോവേ, ഞാൻ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടുംകൂടെ തിരുമുമ്പിൽ നടന്നു നിനക്കു പ്രസാദമായുള്ളതു ചെയ്തിരിക്കുന്നു എന്നു ഓർക്കേണമേ എന്നു പറഞ്ഞു. ഹിസ്ക്കിയാവ് ഏറ്റവും കരഞ്ഞു"* (2 രാജാക്കന്മാർ 20:1-3).

എന്നാൽ യെശയ്യാവ് നടുമുറ്റം വിട്ടുപോകുംമുമ്പേ അവന് യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ "നീ മടങ്ങിച്ചെന്ന് എന്റെ ജനത്തിന്റെ പ്രഭുവായ ഹിസ്ക്കിയാവോട് പറയേണ്ടത്; നിന്റെ പിതാവായ ദാവീദിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു; ഞാൻ നിന്നെ സൗഖ്യമാക്കും; മൂന്നാം ദിവസം നീ യഹോവയുടെ ആലയത്തിൽ പോകും. ഞാൻ നിന്റെ ആയുസ്സിനോട് പതിനഞ്ചു സംവത്സരം കൂട്ടും; ഞാൻ നിന്നെയും ഈ നഗരത്തെയും അശ്ശൂർ രാജാവിന്റെ കയ്യിൽ നിന്നു വിടുവിക്കും. എന്റെ നിമിത്തവും എന്റെ ദാസനായ ദാവീദിന്റെ നിമിത്തവും ഈ നഗരം ഞാൻ കാത്തു രക്ഷിക്കും" (2 രാജാക്കന്മാർ 20:4-6). ഹിസ്ക്കിയാവിനെപ്പോലെ കണ്ണുനീരോടും പ്രാർത്ഥനയോടും ദൈവത്തിന്റെ പാദപീഠത്തിൽ വീഴാം. ദൈവം നമ്മുടെ കണ്ണുനീർ കണ്ട്, പ്രാർത്ഥന കേട്ട് നമ്മെയും ലോകത്തെയും ഈ മാരകമായ വൈറസിന്റെ ആക്രമണത്തിൽ നിന്നും വിടുവിക്കും.

ലോകം മുഴുവനുമുള്ള ദൈവത്തിന്റെ ശുശ്രൂഷകരും ദൈവജനവും നുറുങ്ങിയ ഹൃദയത്തോടെ കരുണക്കായി സർവ്വശക്തനാ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥനയോടെ ആയിരിക്കുന്നു. ജനങ്ങൾ തങ്ങളുടെ ഭവനത്തിനു പുറത്ത് തെരുവീഥികളിൽ മുട്ടുമടക്കി സാഷ്ടാംഗം വീണ് കരങ്ങളുയർത്തി ദൈവസന്നിധിയിൽ കരുണക്കായി യാചിക്കുന്നതിന്റെ വാർത്തയും വീഡിയോയും വാർത്താമാദ്ധ്യമങ്ങളിലൂടെ നാം കണ്ടതാണ്. അവർക്ക് അത്രയുമധികം വേദനയും യാതനയും ഈ വിഷയത്തിന്മേൽ ഉണ്ട്.

ബാബിലോണിലേക്ക് നാടുകടത്തപ്പെട്ട എസ്ര മടങ്ങിവന്നപ്പോൾ ചെയ്ത പ്രാർത്ഥനയെയാണ് ഇത് ഓർമ്മിപ്പിക്കുന്നത്. അവൻ മടങ്ങിവന്നപ്പോൾ കണ്ടത് വിശുദ്ധി നഷ്ടപ്പെട്ട് ജനങ്ങൾ ആത്മീകമായും സദാചാരമായും തകർന്ന അവസ്ഥയെയാണ്. അവൻ ഒരു ഉപവാസം പ്രഖ്യാപിക്കുകയും വസ്ത്രം കീറി, ദൈവസന്നിധിയിൽ മുട്ടുമടക്കി, ദൈവത്തിങ്കലേക്ക് കരങ്ങൾ ഉയർത്തി ദൈവത്തിന്റെ അനുഗ്രഹങ്ങളും ഉപദേശങ്ങളും ശാസനകളും ഓർത്ത് ജനത്തിന്റെ പാപത്തെയും ഓർത്ത് എണ്ണിയെണ്ണി പറഞ്ഞ് പ്രാർത്ഥിച്ചു. അവന്റെ പ്രാർത്ഥനയുടെ അവസാനഭാഗം ഇങ്ങനെയായിരുന്നു: "യിസ്രായേലിന്റെ ദൈവമായ യഹോവേ, നീ നീതിമാൻ; ഞങ്ങളോ ഇന്നുള്ളതുപോലെ തെറ്റി ഒഴിഞ്ഞ ഒരു ശേഷിപ്പത്രേ, ഞങ്ങളുടെ പാതകത്തോടുകൂടെ ഇതാ, ഞങ്ങൾ നിന്റെ മുമ്പാകെ ഇരിക്കുന്നു; അതു നിമിത്തം നിന്റെ മുമ്പാകെ നില്പാൻ ആർക്കും കഴിവില്ല" (എസ്രാ.9:15). ജനങ്ങൾ തങ്ങളുടെ പാപത്തെക്കുറിച്ച് അനുതപിക്കുകയും ഒരു വലിയ ഉണർവ്വ് അന്ന് അവിടെ സംഭവിക്കുകയും ചെയ്തു.

സർക്കാരിന്റെ നിയന്ത്രണങ്ങൾ മുഖാന്തരം സഭകളിൽ സമൂഹ പ്രാർത്ഥന ആലയങ്ങളിൽ നടക്കുന്നില്ല എങ്കിലും ഭൂരിഭാഗം ആലയങ്ങളിലും നിയന്ത്രിത അംഗങ്ങളുമായി, ദൈവജനത്തോട് കരുണ കാണിക്കുവാൻ അപേക്ഷിച്ചുകൊണ്ട് ആരാധനകളും പ്രാർത്ഥനകളും നടത്തുന്നു. ചിലർ അത് വാർത്താമാദ്ധ്യമങ്ങളിലൂടെയും, യൂട്യൂബിലൂടെയും, വാട്സ്ആപ്പിലൂടെയുമെല്ലാം തത്സമയ സംപ്രേഷണം നടത്തുന്നുണ്ട്. ഇതൊന്നും സമൂഹ പ്രാർത്ഥനകൾക്ക് പകരമാവില്ല.

പ്രിയപ്പെട്ടവരേ, വിളിയുടെ പ്രതിധ്വനി ശുശ്രൂഷയും ദൈവസന്നിധിയിൽ ഹൃദയഭാരത്തോടെ ആയിരിക്കുന്നു. ഞങ്ങൾക്കും സാധാരണയായി നടന്നുവരാറുണ്ടായിരുന്ന ആരാധനകൾ നടത്താൻ സാധിക്കുന്നില്ല. എന്തായാലും ഞങ്ങളും വളരെ കുറച്ച് ആളുകൾവച്ച് ആരാധനയും പ്രാർത്ഥനയുമെല്ലാം വലിയ ഭാരത്തോടെ നടത്തുന്നു. ഇത് യൂട്യൂബിലൂടെ മറ്റുള്ളവർക്ക് പങ്കെടുക്കുവാനുള്ള അവസരവും നൽകുന്നു. ഈ വൈറസ് നമ്മുടെ ആരെയും സ്പർശിക്കരുതേ എന്നാണ് ഞങ്ങളുടെ മുഖ്യ താൽപര്യം. കൂടാതെ ലോകം ഈ മഹാമാരിയിൽ നിന്നും മുക്തമാകുകയും വേണം. മിസ്രയീം ദേശത്തുണ്ടായ പത്തു ബാധകളിൽ നിന്നും, പ്രത്യേകിച്ച് മിസ്രയീം മുഴുവനും തകർന്നുപോയ പത്താമത്തെ ബാധയിൽ നിന്നും യിസ്രായേൽ മക്കളെ കാത്തുസൂക്ഷിച്ചതിനെക്കുറിച്ച് ഞങ്ങൾ ഓർത്ത് പ്രാർത്ഥിക്കുന്നു. യിസ്രായേലിനെ അന്നു രക്ഷിച്ച ആടിന്റെ രക്തത്തെക്കാൾ ശക്തിയുള്ളതാണ് യേശുക്രിസ്തു കുരിശിൽ ചൊരിഞ്ഞ രക്തമെന്ന് ഞങ്ങൾ ശക്തമായി വിശ്വസിക്കുന്നു. ദൈവനാമത്തിൽ യേശുക്രിസ്തുവിന്റെ രക്തത്താലുള്ള സംരക്ഷണം ഞങ്ങൾ അവകാശമായി ചോദിക്കുന്നു.

## ദരിദ്രരെ ഓർക്കുവിൻ

ലോക്ക്ഡൗൺ സമയത്ത് ലോകം മുഴുവനുമുള്ള ചെറുതും വലുതുമായ എല്ലാ വ്യവസായങ്ങളും അടഞ്ഞു കിടക്കുകയാണല്ലോ. അനേകർ ജോലിയൊന്നുമില്ലാതെ ആയിരിക്കുന്നു. ചിലർക്ക് അല്പ സമയത്തേക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞു എങ്കിലും വളരെയധികംപേർക്ക് അതിനു സാധിക്കുന്നില്ല. ദൈവവചനം ഇപ്രകാരം പറയുന്നു: "ദരിദ്രൻ ദേശത്ത് അറ്റുപോകയില്ല; അതുകൊണ്ട് നിന്റെ ദേശത്ത് അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനു നിന്റെ കൈ മനസ്സോടെ തുറന്നു കൊടുക്കേണമെന്നു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു" (ആവർത്തനം 15:11).

ദൈവവചനത്തിൽ കാണുന്നതുപോലെ ദരിദ്രരും ആവശ്യത്തിലിരിക്കുന്നവരും നമ്മുടെ ചുറ്റും ഉണ്ട്. നമ്മിൽ ചിലർക്കെങ്കിലും ഇവരെ സഹായിക്കാൻ കഴിയും. നമ്മുടെ സഹോദരീ സഹോദരന്മാരെ കൈ യയച്ചു സഹായിക്കുവിൻ. "എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മയ്ക്കു അവൻ പകരം കൊടുക്കും" (സദൃശവാക്യങ്ങൾ 19:17).

സർക്കാരിന്റെ ദുരിതാശ്വാസ പദ്ധതികൾക്കു പുറമേ അനേകം സന്നദ്ധ സംഘടനകളും, വ്യക്തികളും ദരിദ്രരെയും ആവശ്യത്തിലിരിക്കുന്നവരെയും സഹായിക്കുവാൻ താല്പര്യത്തോടെ മുന്നോട്ടു വന്നിട്ടുണ്ട്. വിളിയുടെ പ്രതിധ്വനി ശുശ്രൂഷയ്ക്കും സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിശാല മനസ്ക്കരായ ജനങ്ങളെ ദൈവം പതിന്മടങ്ങ് നന്മകളാൽ നിറയ്ക്കുമെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

## ഞങ്ങളുടെ വിശ്വാസം

ഞങ്ങളുടെ പ്രാർത്ഥനകൾ കരുണാമയനായ ദൈവം കേട്ടു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ ലോകത്തിന്റെ അവസ്ഥയിലൂടെ അത് മനസ്സിലാക്കാൻ സാധിക്കും. വൈറസിന്റെ പ്രവർത്തനങ്ങൾ ഇപ്പോഴും ഭീഷണിയായിക്കൊണ്ടിരിക്കുന്നു എങ്കിലും പല രാജ്യങ്ങളിലും മരണനിരക്ക് കുറയുകയും രോഗമുക്തരാകുന്നവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ സാമ്പത്തിക പുരോഗതിക്കായി ലോക്ക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ചില രാജ്യങ്ങൾ മഹാമാരിയിൽ നിന്നും മോചനം നേടുന്നതിന്റെ വക്കിലാണ്. വൈറസിന്റെ വ്യാപനം ഉടനെതന്നെ തടയണമെന്നും ലോകരാഷ്ട്രങ്ങളുടെ സാമ്പത്തിക നിലയ്ക്ക് പുരോഗതി ഉണ്ടാകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇത് ദൈ

വം ഉടനെ നടത്തിത്തരുമെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

നമ്മുടെ ദൈവം ആരാധന ഇഷ്ടപ്പെടുന്നവനാണ്. ആരാധനാലയങ്ങൾ അടഞ്ഞു കിടക്കുന്നത് അവന് സന്തോഷമുണ്ടാക്കുന്ന കാര്യമല്ല. ജനങ്ങൾ വലിയ ഗണമായി സഭയിൽ ഒരുമിച്ചുകൂടി തങ്ങളുടെ ഹൃദയം അവന്റെ സന്നിധിയിൽ പകരുകയും അവന്റെ അൾത്താരയ്ക്കു മുമ്പിൽ ആരാധനയുടെ സുഗന്ധം പരക്കുകയും ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അവരുടെ പ്രാർത്ഥനകളും യാചനകളും ശ്രവിച്ച് സന്തോഷത്തോടെ അനുഗ്രഹങ്ങളും കൃപയും നൽകുവാൻ അവൻ താല്പര്യപ്പെടുന്നു. എല്ലാ ശബത്തിലും ശുശ്രൂഷകരിലൂടെയും ദൈവദാസന്മാരിലൂടെയും വചനം ശക്തിയോടെ ജനത്തിനു നൽകുന്നു. ഒരാഴ്ച മുഴുവനും തന്റെ കുഞ്ഞാടുകൾക്ക് ഈ വചനത്തിന്റെ ശക്തി മതിയാകുമെന്ന് അവന് അറിയാം. വചനത്തിലൂടെ ദൈവജനം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നു. ഒരു ബാറ്ററിയെപ്പോലെ ഓരോ ഞായറാഴ്ചയും ജനങ്ങൾ റീചാർജ് ചെയ്യപ്പെടുകയാണ്. “ഞാൻ അവയെ (ആട്ടിൻകൂട്ടത്തെ) അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു” (യോഹന്നാൻ 10:29) എന്ന് യേശുക്രിസ്തു പറയുന്നു.

പ്രിയ സഹോദരരെ, ഈ മഹാമാരിയിൽ നിന്നും വളരെ വേഗം നാം പുറത്തുവരും, വളരെ വേഗം തന്നെ നമ്മുടെ ദൈവത്തെ കൂടുതൽ ശക്തിയോടും അർപ്പണബോധത്തോടും ആരാധിക്കുവാൻ നമുക്ക് സാധിക്കും. നമ്മുടെ ജനം അവന്റെ വചനം ശ്രവിക്കും. നമ്മുടെ സാമ്പത്തിക അവസ്ഥ നേരെയാകുകും. നഷ്ടപ്പെട്ട ജോലിയും ഉപജീവനവുമെല്ലാം ദൈവകരങ്ങളിൽ സുരക്ഷിതമാണ്. നമുക്ക് വലിയ സന്തോഷം ഉണ്ടാകുകയും ചെയ്യും.

ദൈവത്തെ ആരാധിക്കുന്നതിന് ഒരു പുതിയ ക്രമം ഉണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ജനങ്ങൾ പുതിയ സമർപ്പണത്തോടും ഉത്സാഹത്തോടും കൂട്ടമായി ദൈവസന്നിധിയിൽ കടന്നുവരും. ദൈവവേലക്കാരും തങ്ങളെത്തന്നെ സമർപ്പിച്ച് പുതിയ ത്യാഗത്തോടും സമർപ്പണത്തോടും ആയിരിക്കേണ്ടതാണ്. എല്ലാവരും ലോകത്തിന്റെ പുറകെ പോകാതെ യേശുക്രിസ്തുവിന്റെ പിന്നാലെ പോകേണ്ടതാണ്. ജീവിതരീതികൾ മാറണം. പ്രാസംഗികന്മാർക്കും ആരാധനയ്ക്കു നേതൃത്വം നൽകുന്നവർക്കും ഒരു പ്രത്യേക വേഷവിധാനം അത്യാവശ്യമാണ്. ദൈവത്തിന്റെ അൾത്താര നമ്മെ പഠിപ്പിക്കുന്നത് ത്യാഗമാണ്. നമ്മുടെ വഴികൾ നേരെയാക്കാനുള്ള അവസരമായിട്ടാണ് ദൈവം ഈ കാലഘട്ടത്തെ നൽകിയിരിക്കുന്നത്.

ഒരു പുതിയ ക്രമത്തിനും, ഒരു പുതിയ ലോകത്തിനുമായി ഞങ്ങൾ സത്യമായും തയ്യാറാക്കിയിരിക്കുകയാണ്. ലോകം മുമ്പുണ്ടായിരുന്നതുപോലെ ആയിരിക്കില്ല. “അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്കുവരും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദുഃഖവും നെടുവീർപ്പും ഓടിപ്പോകും” (യെശയ്യാവ് 35:10). ദൈവം വൻ കാര്യങ്ങൾ ചെയ്യും. നിങ്ങളുടെ കണ്ണുനീരൊക്കെയും അവൻ തുടച്ചുനീക്കും.

“ദേശമേ, ഭയപ്പെടേണ്ട, ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക;

യഹോവ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു”.

## സ്നേഹത്തോടുകൂടിയ അഭ്യർത്ഥന

നിങ്ങൾ അറിയുന്നതുപോലെ ജീവനക്കാരുടെ ശമ്പളം, പേപ്പറിന്റെ വില, യാത്രകളുടെ ചെലവ് തുടങ്ങിയവ വഹിക്കുവാൻ ഞങ്ങൾ വല്ലാതെ ഞെരുങ്ങുകയാണ്. സാധാരണയായി മറ്റുള്ളവരോട് ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ ചോദിക്കാറില്ല. നിങ്ങൾ ഞങ്ങളെ യഥാർത്ഥമായി സ്നേഹിക്കുകയാണെങ്കിൽ നിങ്ങളുടെ സംഭാവനകൾ മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ്, ഫോൺ പെ, നെഫ്റ്റ് തുടങ്ങിയവയിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ അയച്ചുതന്ന് ഈ ശുശ്രൂഷയെ സഹായിക്കുവിൻ. നിശ്ചയമായും ദൈവം നിങ്ങളെ അനുഗ്രഹിക്കും.

**എഡിറ്റർ** **വിളിയുടെ പ്രതിധ്വനി**


# NEHEMIAH BIBLE COLLEGES, CHENNAI, INDIA

**ECHO OF HIS CALL MINISTRIES** (ESTD.: 1969)

**Affiliated to Hindustan Bible Institute & College (HBI), Chennai**

**&**

**Recognised by the International Christian Leaders & Senior Pastors for the 50 Years! Hundreds of candidates benefitted!!**

**RESIDENTIAL COLLEGE, Velachery**
**(Medium: English & Hindi)**
Course : Diploma in Theology,
Qualification : 10th Standard
Period : One year (with field and administrative trainings)

Golden Opportunity!

Don't miss!!

God is Calling you!!!

**EVENING COLLEGE, Chepauk**
**(Medium : Tamil)**
Course : Diploma in Theology
*Monday, Tuesday & Thursday 6.30 PM to 8.30 PM*
(Evening Classes - Chepauk)
Qualification : 10th Standard
Period : One year (with Special Seminars on holidays)

**Pastor S. Sam Selva Raj, Founder-President**

**For more details & application forms please contact :**

NEHEMIAH BIBLE COLLEGES

10, Mohammed Abdullah 2nd Street, Bells Road, Opp. Cricket Stadium, Chepauk, Chennai - 600 005, India.

**Phone : (+91-44) 2852 8282, 2852 9293, 2854 7766, Cell No : (+91) 98410 71852, 95661 31858**

**E.mail : sam@echoofhiscall.org / biblecor@yahoo.co.in Websites : www.echoofhiscall.org / www.echoofhiscall.com**



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

“വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” മത്തായി 24:15

**“യഹോവ നിന്റെ ആശ്രയമായിരിക്കും; അവൻ നിന്റെ കാൽ കുടുങ്ങാതവണ്ണം കാക്കും”** (സദൃശവാക്യങ്ങൾ 3:26)

വൈകുന്നേരങ്ങളിൽ തെരുവുകളിലും, ചന്ത സ്ഥലങ്ങളിലും, റെയിൽവെ സ്റ്റേഷനുകളിലും, ബസ് സ്റ്റാന്റുകളിലും, ബീച്ചുകളിലുമെല്ലാം സുവിശേഷ പ്രതികൾ സ്ഥിരമായി ഞാൻ വിതരണം ചെയ്യുമായിരുന്നു. ഈ സുവിശേഷ പ്രതികൾ എനിക്കു ലഭിച്ചിരുന്നത് സ്ക്രിപ്ചർ ഗിഫ്റ്റ് മിഷൻ എന്ന പ്രസിദ്ധീകരണശാലയിൽ നിന്നായിരുന്നു. എന്നെ സഹായിക്കാൻ ഫെയ്ത്ത് പ്രെയർ ആന്റ് ട്രാക്റ്റ്സ് ലീഗിലെ ബ്രദർ. സാമുവൽ ഡാനിയൽ, ബ്രദർ ആർ. ജെയിംസ് റൊണാൾഡ് തുടങ്ങിയവർ ഉണ്ടായിരുന്നു. രാവിലെ തുടങ്ങി വൈകുന്നേരം വരെ കൃത്യമായി ജോലി ചെയ്യുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥനായതിനാൽ വൈകുന്നേരം മുതൽ രാത്രി വരെ മാത്രമേ എനിക്ക് ഈ പ്രവൃത്തി ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ജനങ്ങൾ എന്നെ ഒരു ഭ്രാന്തനായി കണക്കാക്കി വേറൊരു തരത്തിൽ നോക്കുവാനും, എന്നെ ഒഴിവാക്കുവാനും തുടങ്ങി. പക്ഷെ ഞാൻ സുവിശേഷ ലഘുലേഖകൾ വിതരണം ചെയ്യുന്ന ജോലിക്ക് ഒരു മുടക്കവും വരുത്തിയില്ല. ലഘുലേഖകൾ വിതരണം ചെയ്യാൻ ചില ദിവസങ്ങളിൽ 15 മുതൽ 20 കിലോ മീറ്റർ വരെ നടക്കുമായിരുന്നു. പക്ഷെ എന്റെ സുഹൃത്തുക്കളുമായി ദൈവത്തെ പങ്കിടുവാൻ പറ്റിയ ഒരു സ്ഥലം എനിക്കില്ലായിരുന്നു.

1973-ാം വർഷം ഒരു ദിവസം ഞാൻ ചന്ത സ്ഥലത്ത് സുവിശേഷപ്രതികൾ വിതരണം ചെയ്ത് സുവിശേഷം പറയുകയായിരുന്നു. ചിലർ എനിക്ക് എതിരെ തിരിഞ്ഞ് അസ്വാഭാവികമായ ചോദ്യങ്ങൾ ചോദിക്കുവാനും ശാരീരികമായി കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു. എനിക്ക് ശാരീരികമായി ഏകാന്തതയും ഭയവും ഉണ്ടായി. സ്വർഗ്ഗത്തിലേക്ക് നോക്കി ദൈവത്തോട് സഹായത്തിനായി അപേക്ഷിച്ചു. എന്നെ സഹായിക്കാൻ ഒരു ക്രിസ്ത്യാനിയും കടന്നു വരികയില്ല എന്നും എനിക്ക് എന്തെങ്കിലും സംഭവിക്കുമെന്നും ഞാൻ മനസ്സിലാക്കി. എന്റെ കാലുകളും കരങ്ങളും വിറയ്ക്കുവാൻ തുടങ്ങി.

പെട്ടെന്ന് ഒരു ചെറുപ്പക്കാരൻ കടന്നുവന്ന് “നീയാരാണ്” എന്നു ചോദിച്ചു. “സർവ്വശക്തനായ യേശുക്രിസ്തുവിന്റെ എളിയ ദാസനാണ് ഞാൻ” എന്ന് അവരോട് പറഞ്ഞു. അയാൾ എന്നോട് ഇങ്ങനെ ചോദിച്ചു: “ഇവിടെ ശല്യം ഉണ്ടാക്കുവാൻ നിനക്ക് എങ്ങനെ കഴിയുന്നു? “സർ, ഞാൻ ആരെയും ശല്ല്യം ചെയ്യുന്നില്ല. ഈ പ്രദേശത്തുള്ള ജനങ്ങൾ നിത്യനരകത്തിലേക്ക് പോകുകയാണ്, കാരണം യേശുക്രിസ്തുവില്ലാത്ത അവരുടെ ജീവിതവും പാപങ്ങളും കൊണ്ടാണ്” എന്നു ഞാൻ വിനയത്തോടെ മറുപടി പറഞ്ഞു. കൂടാതെ “ഈ ലോകത്തിൽ സന്തോഷപ്രദമായ ജീവിതവും ശേഷം നിത്യജീവനും കഴിയുന്ന യഥാർത്ഥ വഴിയാണ് ഞാൻ പ്രസംഗിക്കുന്നത്” എന്നും കൂട്ടിച്ചേർത്തു. ഉടനെ തന്നെ എന്നെ ചുറ്റിനിന്ന ജനങ്ങളെ സാക്ഷിയാക്കി എന്നെ കെട്ടിപ്പിടിച്ച് ചുംബിച്ചു. എന്നിട്ട് സ്വയം പരിചയപ്പെടുത്തി. ചെന്നൈ 14 റോയപ്പട്ട വെസ്ലി സഭയിലെ ശ്രീ. ജ്ഞാനശിഖാമണിയായിരുന്നു അദ്ദേഹം.

അദ്ദേഹം എന്നെ മുഹമ്മദ് ഹുസൈൻ തെരുവിലുള്ള തന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആഴ്ചതോറുമുള്ള എന്റെ പ്രാർത്ഥനാകൂട്ടായ്മയ്ക്ക് അവിടെ സ്ഥലം തരികയും ചെയ്തു. ശുശ്രൂഷയിൽ എന്നെ സഹായിക്കുവാനായി തന്റെ ഭാര്യ ശ്രീമതി ഏഞ്ചലിനോടും മക്കളോടും അദ്ദേഹം ആവശ്യപ്പെട്ടു. 2012 ഒക്ടോബറിൽ അദ്ദേഹം കർതൃസന്നിധിയിൽ ചേർക്കപ്പെടുന്നതുവരെയുള്ള 40 വർഷത്തോളം എനിക്ക് താങ്ങും തണലുമായി അദ്ദേഹം ഉണ്ടായിരുന്നു. ഈ എളിയ സഹോദരനെ സഹായിക്കുവാൻ മനസ്സു കാണിച്ചതിനാൽ അദ്ദേഹത്തിന്റെ ഭാര്യയെയും രണ്ടു മക്കളെയും ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചു.

“എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു” എന്ന് ദൈവം പറയുന്നു. ദയവായി മറ്റുള്ളവർക്കു നന്മചെയ്യുവിൻ, പ്രത്യേകിച്ച് ദൈവത്തിന്റെ ദാസന്മാർക്ക്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## Echo of His Call Postal Courses

### 1. BIBLECOR

We offer a Postal Course on Basic Truths of The Bible to new christians and non-christians in English, Hindi & Tamil. You will get a course book entitled **New Life – For You!** with about 70 pages. After the completion of this course, you will get a certificate. **There will be no compulsory fees**. This course is for candidates in India only.

### 2. THEOLOGICAL CORRESPONDENCE COURSE

Advanced Distance Education called **Theological Correspondence Course** is available for Pastors, Evangelists and Christian Leaders! A fee of Rs. 1000/- is charged. 7 Books with 142 Chapters are supplied. **Certificate in Ministry** will be awarded.

***For more details, write to us:***

**The Chairman, Nehemiah Bible College, Echo of His Call**
10, Mohammed Abdullah 2nd Street, Opp. Cricket Stadium,
Chepauk, Chennai - 600 005, India.
**Ph.: (044) 2852 8282, 2852 9293, 2854 7766, Cell : (+91) 98410 71852 95661 31858. E-mail : biblecor@yahoo.co.in**

RNI NO. 55468/94, Postal Regn. No. TN/CH (C)/199/18-20 WPP.NO. TN/PMG(CCR)/WPP-221/18-20

# ECHO OF HIS CALL

**Monthly magazines in 16 languages, Bible Colleges, Postal Courses, Church Planting, Village English High School, Gospel Printing Press, Crusades, Seminars, Social Services, etc.**

**Annual Subscription : Rs. 100/- Life Subscription : Rs. 2000/-**

The multifarious activities of **Echo of His Call Ministry** is supported by the free-will offerings and donations of the God's Children like you. You may support **Echo of His Call** and its activities as the Lord leads you. We need your help to send forth the Gospel to the unreached people and plant Churches.

If you would like to receive **ECHO OF HIS CALL** magazines regularly, please write to us. Whenever you change your postal or e-mail addresses, please do inform us your old and new addresses.

**Echo of His Call** is available in 16 languages in our websites also. You can read it by going into the site as well as downloading it and get blessed.

Your letters, prayer requests and your financial helps (by D.D., Cheque, M.O. etc.) to **ECHO OF HIS CALL** may be sent to the address below.

Please send your **Land Phone / Mobile Phone Numbers and E.mail addresses** for updation.

## ECHO OF HIS CALL

10, Mohammed Abdullah 2nd Street, Chepauk,
Chennai - 600 005, India
PH: (+91-44) 2852 8282, 2852 9293, 2854 7766,
Cell: (+91) 98410 71852, 95661 31858
E-mails: sam@echoofhiscall.org / biblecor@yahoo.co.in
Websites: www.echoofhiscall.org / www.echoofhiscall.com

**YOU CAN SEND YOUR DONATIONS ON ONLINE ALSO**

## PLEASE PRAY FOR OUR MINISTRIES AT THE HEADQUARTERS

1. Prayer Service : 24 hours
2. **BIBLECOR -** Bible Correspondence Courses : English, Tamil & Hindi
3. **ECHO OF HIS CALL** - Monthly Magazines : English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikaans.
4. Nehemiah Bible Colleges (Two Centres)
5. Theological Correspondence Courses: English & Tamil
6. Great Commission Partners (Network of Pastors)
7. Training Programmes
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools : 8.30 a.m. & 4.00 p.m. Sunday
13. **Tamil Services : 5.30 a.m. , 7.00 a.m. & 10.00 a.m. Sunday**
14. **Malayalam Service : 2.00 p.m. Sunday**
15. **Telugu Service : 4.00 p.m. Sunday**
16. **Hindi Service : 5.00 p.m. Sunday**
17. **English & Tamil Service : 6.00 p.m. Sunday**
18. Pastors' Counselling : 4.00 p.m. Sunday
19. Women's Prayer : 5.30 p.m. Wednesday
20. Mid-week Bible study : 6.30 p.m. Wednesday
21. Men's Prayer : 7.00 p.m. Friday
22. Workers' Meeting : 6.00 p.m. Saturday
23. House Meetings : 6.30 p.m. Monday & Tuesday
24. Special Holy Communion : 5.30 a.m. 1st day of each month
25. Ministers Review Meeting : 5.30 p.m. First Saturday
26. Parents' Prayer : 4.00 p.m. First Sunday
27. Night Prayer : 9.30 p.m. Second Friday
28. Fasting Prayer : 9:30 a.m. Third Saturday
29. Holy Communion : Second Sunday Services
30. Morning Devotion : 5.30 a.m. daily
31. Staff Devotion : 9.00 a.m. daily
32. Office : 9.00 a.m. to 9.00 p.m. (except Sundays)

**The details of our Bank Accounts are given below. Please inform us the details of your remittances.**

| Bank | Branch | Name | IFSC Code No. | Account Number |
|---|---|---|---|---|
| 1. STATE BANK OF INDIA | Triplicane, Chennai -5 | S. Sam Selva Raj | SBIN 0000249 | 102329 34679 |
| 2. ICICI BANK | Anna Salai, Chennai -2 | Echo of His Call | ICIC 0006038 | 6038 05022319 |

**RNI NO. 55468/94**
**Postal Regn. No. TN/CH/(C)/199/18-20**
**WPP NO. TN/PMG(CCR) / WPP- 221/18-20**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month**
**Posted at "Egmore RMS / 1 Patrika Channel"**
**on 4th JULY 2020**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957,**
**Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

***JESUS LOVES YOU!***

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from 10, Mohammed Abdullah II Street, Chepauk, Chennai- 600 005 and printed by him at **Echo of His Call Printers** 10, Mohammed Abdullah II Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj**.